**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 343** **23-08-2022 - ൽ മറുപടിയ്ക്ക്**

**കില മുഖേനയുള്ള സ്കൂൾ കെട്ടിട നിർമ്മാണങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയതും കില മുഖേന നിലവിൽ നിർവ്വഹണം നടത്തുവാൻ തീരുമാനിച്ചതുമായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്. പറമ്പിൽ പീടിക പെരുവള്ളൂർ, ജി.എൽ.പി.എസ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പരപ്പനങ്ങാടി തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പാറക്കടവ് മുന്നിയൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | <u>1. ജി. എൽ.പി.എസ് പറമ്പിൽ പീടിക:-</u><br><br>ഈ പ്രവൃത്തി 6/10/2021 ൽ റീടെണ്ടർ ചെയ്തിരുന്നു. എന്നാൽ കിഫ്ബിയിൽ നിന്നും PED Drawings അംഗീകരിച്ചു ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ firm period ദീർഘിപ്പിച്ച് നൽകുവാൻ വിസമ്മതിച്ചു. ആയതിനാൽ ഈ ടെണ്ടർ ക്യാൻസൽ ചെയ്തു ഇപ്പോൾ ലഭ്യമായ പുതുക്കിയ ഭരണാനുമതി പ്രകാരം 2018 DSR നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>2.<u> ജി.എൽ.പി.എസ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തേഞ്ഞിപ്പാലം:-</u><br><br>ഈ പ്രവർത്തിയുടെ സാങ്കേതികാനുമതി നേരത്തെ തന്നെ നൽകിയിരുന്നുവെങ്കിലും യൂണിവേഴ്സിറ്റിയുടെ സ്ഥലം സ്കൂളിന് വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. സ്ഥലം വിട്ടുകിട്ടിയാൽ ഉടൻ തന്നെ എസ്റ്റിമേറ്റ് 2018 DSR നിരക്കിൽ പുതുക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.<br><br><u>3. ജി.യു.പി.എസ് പാറക്കടവ്, മുന്നിയൂർ</u><br><br>3 കോടി രൂപായുടെ ഈ പദ്ധതിയ്ക്ക് 3.90 കോടി രൂപയ്ക്ക് പുതുക്കി(DSR 2018 നിരക്കനുസരിച്ച്) ഭരണാനുമതി നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ഈ വിഭാഗത്തിൽപ്പെട്ട പ്രവൃത്തികളുടെ സ്ഥലം സന്ദർശിച്ച് ഉദ്യോഗസ്ഥർ എസ്റ്റിമേറ്റും, പ്ലാനും, ഡിസൈനും തയ്യാറാക്കിവരികയാണ്. പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ |

| | | | |
|---|---|---|---|
| | | | ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br><u>4.ജി.യു.പി.എസ് പരപ്പനങ്ങാടി തേഞ്ഞിപ്പാലം:-</u><br><br>ഈ പ്രവൃത്തി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിർമ്മാണം നടത്തുവാൻ പ്രയാസമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്ന വിധത്തിൽ സ്കൂൾ കോമ്പൌണ്ടിൽ നിർദിഷ്ട സ്ഥലത്തു നിന്നും മാറ്റി നിർമ്മാണം നടത്തുവാനുള്ള സാദ്ധ്യത ആരാഞ്ഞിട്ടുണ്ട്. അപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുകയാണെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടനിർമ്മാണത്തിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ ; | (ബി) | മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടാണ് കെട്ടിട നിർമ്മാണത്തിന് തടസ്സം നേരിടുന്നത്. തടസ്സങ്ങൾ മാറ്റി പ്രവൃത്തി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അടിയന്തരമായി പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണംഅടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ